# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1404

30-09-2011 ൽ മറുപടിയ്ക്ക്

## നെൽകൃഷി വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിൽ നെൽകൃഷി വികസനത്തിനായി 2011-12 വർഷത്തിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കോഴിക്കോട് ജില്ലയിൽ നെൽകൃഷി വികസനത്തിനായി 2011-12 വർഷത്തിൽ സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരമുള്ള ഗ്രൂപ്പ് ഫാമിംഗ് പദ്ധതി, തരിശു ഭൂമിയിൽ നെൽകൃഷി എന്നിവയും, സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം കരനെൽകൃഷി, വനിതാ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ഞാറ്റടി തയ്യാറാക്കൽ, തരിശുഭൂമിയിൽ നെൽകൃഷി എന്നിവയും മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം പാടശേഖരങ്ങളുടെ അടിസ്ഥാന വികസനത്തിനും ഉല്പാദനോപാധികൾ വിതരണം ചെയ്യുന്നതിനും നൂതന സാങ്കേതിക വിദ്യകൾ ഡമോൺസ്ട്രേഷൻ നടത്തുന്നതിനുമുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) വിവിധ പദ്ധതികളിലായി നെൽകൃഷി വികസനത്തിന് എന്ത് തുകയാണ് 2011-12 വർഷത്തിൽ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം 52.5 ലക്ഷം രൂപയും സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം 32 ലക്ഷം രൂപയും കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം 4.99 ലക്ഷം രൂപയും നെൽകൃഷി വികസനത്തിനായി 2011-12 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ ചെലവഴിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ